**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2549** **13-09-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ ലഹരിമരുന്ന് വിൽപ്പന തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സ്കൂൾ കുട്ടികൾ ലഹരിക്കടിമപ്പെടുന്നുവെന്നതും അവരിൽ പലരും ലഹരി കച്ചവടക്കാരുടെ വാഹകർ ആകുന്നതുമായ ഗുരുതര സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; സംസ്ഥാനത്ത് സ്കൂളുകൾ കോളേജുകൾ ഇവ കേന്ദ്രീകരിച്ച് എന്തെല്ലാം ലഹരി മരുന്നുകളാണ് വിൽക്കപ്പെടുന്നതെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (എ) | സ്കൂൾ കുട്ടികൾ ലഹരിയ്ക്കടിമപ്പെടുന്നതും അവരിൽ ചിലർ ലഹരി കച്ചവടക്കാരുടെ വാഹകർ ആകുന്ന സാഹചര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഞ്ചാവ്, ഹാൻസ് തുടങ്ങിയ ലഹരി വസ്തുക്കളാണ് വിൽക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. |
| (ബി) | എക്സൈസ് എൻഫോഴ്സ്മെന്റ് വിഭാഗത്തെ ശക്തമാക്കുന്നതിനോടൊപ്പം ലഹരി മാഫിയയ്ക്കെതിരെ ആഭ്യന്തരം, ആരോഗ്യം, വിദ്യാഭ്യാസം, തദ്ദേശസ്വയംഭരണം തുടങ്ങിയ വകുപ്പുകൾ ഏകോപിപ്പിച്ച് പ്രവർത്തിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | എക്സൈസ് എൻഫോഴ്സ്മെന്റ് വിഭാഗത്തെ ശക്തമാക്കുന്നതിനോടൊപ്പം നിലവിൽ ലഹരി മാഫിയയ്ക്കെതിരെ ആഭ്യന്തരം, ആരോഗ്യം, വിദ്യാഭ്യാസം, തദ്ദേശസ്വയംഭരണം തുടങ്ങിയ വകുപ്പുകളുമായി ചേർന്ന് സംയുക്ത റെയ്ഡുകളും പരിശോധനകളും നടത്തിവരുന്നു. പോലീസ്, ആർ.പി.എഫ്, NCB തുടങ്ങിയ മറ്റ് കേന്ദ്ര ഏജൻസികളുമായി ചേർന്നും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നു. ആരോഗ്യം, റവന്യൂ, തദ്ദേശസ്വയംഭരണം, വിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകളുമായി ചേർന്ന് സ്കൂൾ, കോളേജ്, തദ്ദേശസ്വയംഭരണസ്ഥാപന വാർഡ് തലങ്ങളിൽ വിമുക്തി ബോധവൽക്കരണ പ്രവർത്തനങ്ങളും രഹസ്യവിവര ശേഖരണവും നടത്തി വരുന്നു. |
| (സി) | വിദ്യാലയ പരിസരങ്ങളിൽ ജനകീയ പങ്കാളിത്തത്തോടെ നിരീക്ഷണം ശക്തമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | സ്കൂളുകളിൽ പി.റ്റി.എ. പ്രസിഡന്റ് ചെയർമാനായും, പ്രഥമാദ്ധ്യാപകൻ കൺവീനറായും രൂപീകരിച്ച സ്കൂൾതല ജനജാഗ്രതാ സമിതിയിൽ പി.റ്റി.എ, എം.പി.റ്റി.എ പ്രതിനിധികൾ, അദ്ധ്യാപക പ്രതിനിധികൾ, സ്കൂൾ പാർലമെന്റ് പ്രതിനിധികൾ, പൂർവ്വ വിദ്യാർത്ഥി സംഘടനാ പ്രതിനിധികൾ, വിദ്യാലയ വികസന സമിതി അംഗങ്ങൾ, SMC പ്രതിനിധികൾ, വിരമിച്ച അദ്ധ്യാപകർ, മാനേജ്മെന്റ് പ്രതിനിധികൾ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, വ്യാപാര സ്ഥാപന പ്രതിനിധികൾ, സ്കൂൾ പരിസരത്തുള്ള ഓട്ടോറിക്ഷാ ഡ്രൈവർമാരുടെ |

| | | | |
|---|---|---|---|
| | | | പ്രതിനിധികൾ (കഴിയുന്നതും രക്ഷിതാക്കൾ), പോലീസ്, എക്സൈസ് എന്നിവർ അംഗങ്ങൾ ആണ്. ഇപ്രകാരം ജനപങ്കാളിത്തത്തോടെ രൂപീകരിച്ചിട്ടുള്ള സ്കൂൾതല ജനജാഗ്രതാ സമിതികൾ മുഖാന്തിരം വിദ്യാലയ പരിസരത്ത് ലഹരിയുടെ കടന്നു വരവിനെ തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>സ്കൂൾ പരിസരത്തുള്ള ലഹരി വസ്തുക്കളെ സംബന്ധിച്ച പരാതികളും കുറ്റകൃത്യങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങളും രഹസ്യമായി എക്സൈസ് വകുപ്പിനെ അറിയിക്കുന്നതിന് 9447178000 എന്ന നമ്പർ നല്കിയിട്ടുണ്ട്. സ്കൂൾ അദ്ധ്യാപകരും ജനജാഗ്രതാ സമിതി അംഗങ്ങളും സ്കൂളിനു 100 വാര ചുറ്റളവിലെ കടകളിൽ സന്ദർശനം നടത്തി ഏതെങ്കിലും സ്ഥാപനങ്ങളിൽ ലഹരി വസ്തുക്കൾ വിൽക്കുന്നതായി കണ്ടെത്തിയാൽ ആ വിവരം എക്സൈസ് വകുപ്പിനെ അറിയിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ